LIBRARY ARCHIVES Kerala Legislative Assembly

ചെറായി ബീച്ചിനേയും മുന്നാറിനേയും ബന്ധിപ്പിച്ചുകൊണ്ട് സർവ്വീസ്

341 (2170) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ പാലംവഴി സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് പെർമിറ്റ് അനുവദിക്കരുതെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ ; വിശദീകരിക്കാമോ ;

(ബി) ഇല്ലെങ്കിൽ വിനോദസഞ്ചാര കേന്ദ്രങ്ങളായ ചെറായി ബീച്ചിനെയും മൂന്നാറിനെയും ബന്ധിപ്പിച്ചുകൊണ്ട് മുമ്പ് നിലവിലുണ്ടായിരുന്ന പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അത്തരത്തിൽ ഒരു ഉത്തരവ് നിലവിലില്ല.

(ബി) മൂന്നാറിൽ നിന്നും നടത്തിയിരുന്ന ചെറായി സർവ്വീസ് കോടതി ഇടപെടലിനെ തുടർന്ന് എറണാകുളം വരെയായി ചുരുക്കുകയുണ്ടായി. നിലവിൽ ഇത് സംബന്ധമായി കോടതിയിൽ കേസ്സുകൾ ഇല്ലായെങ്കിലും മൂന്നാർ-ചെറായി ആയി സർവ്വീസ് നടത്തിയിരുന്നപ്പോൾ മതിയായ വരുമാനം ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ഈ സർവീസ് ചെറായിലേക്ക് നീട്ടുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

മലബാർ മേഖലയിൽ ജെ.എൻ.എൻ.യു.ആർ.എം. ബസ്സുകൾ

342 (2172) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരമുള്ള ബസ്സുകൾ അനുവദിക്കുന്നതിൽ മലബാർ മേഖലയോട് അവഗണന കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ യാത്രാ ദുരിതം പരിഹരിക്കുന്നതിന് കൂടുതൽ ജെ.എൻ.എൻ.യു.ആർ.എം. ബസ്സുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ മേഖലയ്ക്ക് ആനുപാതികമായ പരിഗണന നൽകിയിട്ടുണ്ട്, നിലവിൽ

തൃശ്ശൂർ	-	20 (12 A/c, 8 Non A/c)
മലപ്പുറം	-	14 (8 A/c, 6 Non A/c)
കോഴിക്കോട്	-	21 (15 A/c, 6 Non A/c) എന്നിങ്ങനെ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ബി&സി) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസ്സുകൾ അനുവദിക്കുന്നത്.

ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച ലോ ഫ്ളോർ ബസ്സുകൾ

343 (2173) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആകെ എത്ര ലോ ഫ്ലോർ ബസുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ഡിപ്പോ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുള്ള ലോ ഫ്ലോർ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആലപ്പുഴ ഡിപ്പോയ്ക്ക് കൂടുതൽ ലോ ഫ്ലോർ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 14 എ.സി. ലോ ഫ്ളോർ ബസ്സുകളും 12 നോൺ എ.സി. ലോ ഫ്ളോർ ബസ്സുകളും ഉൾപ്പെടെ ആകെ 26 ലോ ഫ്ളോർ ബസ്സുകളാണ് അനുവദിച്ചിട്ടുള്ളത്.

ഡിപ്പോ തിരിച്ചുള്ള വിവരം :

ആലപ്പുഴ	-	14 എ.സി. 2 നോൺ എ.സി.
ചെങ്ങന്നൂർ	-	2 നോൺ എ.സി.
ചേർത്തല	-	3 നോൺ എ.സി.
എടത്വ	-	1 നോൺ എ.സി.
ഹരിപ്പാട്	-	2 നോൺ എ.സി.
കായംകുളം	-	1 നോൺ എ.സി.
മാവേലിക്കര	-	1 നോൺ എ.സി.
ആകെ	-	26 ബസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly